"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - മലപ്പുറം ജില്ല കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ഹെഡ്ക്ലർക്ക് ശ്രീമതി.വിമല സ്റ്റീഫന് തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2403/2023/LSGD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02/09/2023 ലെ LSGD/PD/750/2023-DEB3 നമ്പർ നടപടിക്രമം
2. ശ്രീമതി.വിമല സ്റ്റീഫൻ സമർപ്പിച്ച 12.10.2023ലെ അപേക്ഷ
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.11.2023ലെ LSGD/PD/64288/2023-DEB3 നമ്പർ കത്ത്

ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്കായിരിക്കെ പരാമർശം (1) ഉത്തരവ് പ്രകാരം ഹെഡ്ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് 19.08.2023- ന് സ്ഥാനക്കയറ്റ തസ്തികയിൽ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ടെന്നും, എന്നാൽ അപകടത്തിൽ നട്ടെല്ലിന് ക്ഷതം സംഭവിച്ച് ചികിത്സയിലുള്ള ഭർത്താവിന്റേയും 8 ാം ക്ലാസിൽ പഠിക്കുന്ന ഏക ദത്തു മകളുടേയും സംരക്ഷണത്തിന് ടിയാളുടെ സാന്നിദ്ധ്യം ആവശ്യമാണെന്നുള്ള അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ചും , സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് 2 വർഷത്തിൽ താഴെ മാത്രമേയുള്ളൂ എന്നത് കണക്കിലെടുത്തും മാതൃ ജില്ലയിൽ സൗകര്യപ്രദമായ സ്റ്റേഷനിൽ നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം ( 2 ) പ്രകാരം ശ്രീമതി വിമലാ സ്റ്റീഫൻ അപേക്ഷ സമർപ്പിച്ചിരുന്നു .

2 . തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി വിമലസ്റ്റീഫൻ-നെ പരാമർശം ( 1 ) ഉത്തരവ് പ്രകാരം ഹെഡ്ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയാണ് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ നിയമനം നൽകിയത് എന്നും, പൊതു സ്ഥലമാറ്റത്തിന് ശേഷം ഉണ്ടാകുന്ന ഒഴിവിലേക്കാണ് ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നത് എന്നും, സ്ഥാനകയറ്റം വഴിയുള്ള നിയമനത്തിന് ഒരു പ്രത്യേക സ്റ്റേഷനോ, ജില്ലയോ ജീവനക്കാരന് അവകാശമായി ഉന്നയിക്കാൻ കഴിയുന്നതല്ല എന്നും പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അപേക്ഷക ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലുള്ള ഭർത്താവിന്റേയും ഏക ദത്തുമകളുടേയും സംരക്ഷണത്തിന് ടിയാളുടെ സാമീപ്യം അനിവാര്യമാണെന്നതിനാൽ അപേക്ഷകയുടെ അനുകമ്പാർഹമായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ടിയാൾക്ക് തിരുവനന്തപുരം ജില്ലയിൽ

നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2..ശ്രീമതി.വിമല സ്റ്റീഫൻ , ഹെഡ് ക്ലർക്ക് , കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
4.ഡയറക്ടർ . ഐ കെ എം
5.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
6.കരുതൽ ഫയൽ (ഫയൽ നം.283/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 04-12-2023 11:46:47
സെക്ഷൻ ഓഫീസർ